ഉത്തരം

(എ) ചിറയിൻകീഴ് സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം പണിയുന്നത് സംബന്ധിച്ച് മേൽ നടപടികൾ സ്വീകരിക്കുവാൻ തിരുവനന്തപുരം ജില്ലാ രജിസ്ട്രാർക്ക് (ജനറൽ) നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷം ചിറയിൻകീഴ് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(സി) ചിറയിൻകീഴ് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം സംബന്ധിച്ച പ്ലാനും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാക്കി ഭരണാനുമതി ലഭ്യമായതിന് ശേഷം മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

വസ്തു കൈമാറ്റമില്ലാത്ത ആധാരങ്ങളുടെ താരിഫ് വില

236 (1994) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈപ്പിശകുകൊണ്ട് വരുന്ന തെറ്റുകൾ തിരുത്തി പിഴ തിരുത്തധാരം രജിസ്റ്റർ ചെയ്യുക, വസ്തു കൈമാറ്റം വരുത്താതെയുള്ള ജന്മാവകാശ ഒഴിമുറി, അനുഭോഗാവകാശ ഒഴിമുറി തുടങ്ങിയ ആധാരങ്ങൾക്കും താരിഫ് വില കണക്കാക്കി മുദ്ര വില ചുമത്തണമെന്ന് രജിസ്ട്രേഷൻ ആക്ടിൽ നിഷ്കർഷിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇപ്രകാരം വേണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിർബന്ധിക്കുന്നതു കാരണം ഇത്തരം ആധാരങ്ങൾ രജിസ്റ്റർ ചെയ്യപ്പെടാതെ പോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ വസ്തു കൈമാറ്റമില്ലാത്ത ആധാരങ്ങൾക്ക് താരിഫു വില ചുമത്തണമെന്ന നിർദ്ദേശം ഒഴിവാക്കുമോ ; ഇക്കാര്യം ഉറപ്പുവരുത്തുന്നതിനായി സർക്കാർ ഒരു സർക്കുലർ പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) ഭൂമിയുടെ ന്യായവില സംബന്ധിച്ച് 1959-ലെ കേരള മുദ്രപ്പത്ര നിയമത്തിലാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഭൂമിയുടെ കൈമാറ്റം ഉൾക്കൊള്ളുന്ന കരണങ്ങൾക്ക് ന്യായവില അനുസരിച്ചുള്ള മുദ്രവില തീർപ്പിക്കണമെന്നാണ് മുദ്രപ്പത്രനിയമത്തിന്റെ 45 എ വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(ബി) ഇല്ല.

(സി) 1959-ലെ കേരള മുദ്രപത്ര നിയമം 45 (എ) വകുപ്പനുസരിച്ച് ഭൂമി കൈമാറ്റം സംബന്ധിച്ച ഡ്യൂട്ടി ചുമത്തേണ്ടതായ ഏതൊരു കരണവും, രജിസ്ട്രേഷനായി ഹാജരാക്കുമ്പോൾ ആ കരണത്തിൽ കാണിച്ചിട്ടുള്ള ഭൂമിയുടെ വില അല്ലെങ്കിൽ പ്രതിഫലം ആ ഭൂമിയുടെ ന്യായവിലയാണോ എന്ന് രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭൂമി കൈമാറ്റം ഉൾക്കൊള്ളുന്ന ആധാരങ്ങൾക്ക് മാത്രമേ ന്യായ വില

LIBRARY ARCHIVES Kerala Legislative Assembly

കാണിക്കണമെന്ന് വ്യവസ്ഥയുള്ളു. അവയ്ക്ക് ന്യായവില പ്രകാരമുള്ള മുദ്ര വില തീർത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് നിയമം നിഷ്കർഷിക്കുന്നു. ഭൂമിയുടെ കൈമാറ്റം ഉൾപ്പെടാത്ത ആധാരങ്ങൾക്ക് ന്യായവില ബാധകമല്ല എന്ന കാര്യം മേൽപ്പറഞ്ഞ നിയമത്തിൽ തന്നെ വ്യക്തമാണ് എന്നതിനാൽ പ്രത്യേക നിർദ്ദേശം നൽകേണ്ടതായ സാഹചര്യം ഇല്ല.

ഭൂമിയുടെ ന്യായവില

237 (1995) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിശ്ചയിച്ച ഭൂമിയുടെ ന്യായവില തത്ക്കാലം നടപ്പാക്കേണ്ടതില്ല എന്ന് കാണിച്ച് വകുപ്പുതലത്തിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ന്യായവില നിശ്ചയിച്ചതുമൂലം സർക്കാരിന് എത്ര അധിക വരുമാനം ലഭിച്ചു ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) 2005-06 മുതലുള്ള രജിസ്ട്രേഷൻ വകുപ്പിന്റെ വരുമാനം സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു.

2005-06	988.24 കോടി രൂപ
2006-07	1383.08 കോടി രൂപ
2007-08	1872.89 കോടി രൂപ
2008-09	1865.82 കോടി രൂപ
2009-10	1731.33 കോടി രൂപ

2010 ഏപ്രിൽ 1 മുതലാണ് ഭൂമിയുടെ ന്യായ വില സംസ്ഥാനത്ത് നടപ്പാക്കിയത്. നടപ്പ് സാമ്പത്തിക വർഷത്തിൽ നവംബർ മാസം വരെയുള്ള വരുമാനം 1445.82 കോടി രൂപയാണ്.

അലങ്കാര മത്സ്യകൃഷി

238 (1996) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് :

LIBRARY ARCHIVES Kerala Legislative Assembly